# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : **3410** **25.06.2012** - ൽ മറുപടിക്ക്

## ഭവനനിർമ്മാണ ബോർഡിൽ പുതിയ വാഹനങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എം. ഹംസ | | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) |
| (എ)ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഭവനനിർമ്മാണ ബോർഡിൽ പുതിയ വാഹനങ്ങൾ വാങ്ങുകയോ വാങ്ങാൻ തീരുമാന-മെടുക്കുകയോ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് വാഹനം; ആർക്കുവേണ്ടി എന്ന് വ്യക്തമാക്കുമോ; | എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഭവന നിർമ്മാണ ബോർഡിൽ രണ്ടു പുതിയ വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്. ഇന്നോവ, എറ്റിയോസ് എന്നിവ. ചെയർമാനും സെക്രട്ടറിയ്ക്കുമാണ് വാങ്ങിയത്. |
| (ബി) ബോർഡ് ചെയർമാന്റെ ഓഫീസ് മുറിയും ഗസ്റ്റ്ഹൗസും മോടി പിടിപ്പിക്കുന്നുണ്ടോ; | ബി) | ബോർഡ് ചെയർമാന്റെ ഓഫീസിലെ സ്ഥല പരിമിതി, കുറയ്ക്കുവാനായി ക്യാബിനുകൾ വലുതാക്കുന്ന ജോലികളും, (സിവിൽ, ഇലക്ട്രിക്കൽ) ഒഫിഷ്യൽ ക്വാർട്ടേഴ്സിന്റെ അടിയന്തിര അറ്റകുറ്റപണികൾ, ക്വാർട്ടേഴ്സിലേയ്ക്കുള്ള ഫർണിച്ചർ, കർട്ടൻ, അടുക്കള ഉപകരണങ്ങൾ വാങ്ങൽ, ഡ്രെയിനേജ് ലൈൻ മാറ്റി സ്ഥാപിക്കൽ, ഗാർഡൻ നവീകരണം, ലൈറ്റ് സ്ഥാപിക്കൽ, മോട്ടോർ പമ്പ്/എ.സി. അറ്റകുറ്റപണികൾ എന്നിവ നടത്തിയിട്ടുണ്ട്. |
| സി) വാഹനത്തിനും, മോടി പിടിപ്പിക്കലിനുമായി എത്ര രൂപ ചെലവുവരുമെന്നാണ് പ്രതീക്ഷിക്കു-ന്നതെന്ന് വെളിപ്പെടുത്തുമോ? | സി) | വാഹനത്തിനും, അറ്റകുറ്റപണികൾക്കുമായി ചെലവു വന്ന തുക ചുവടെ ചേർക്കുന്നു.<br><br>ഓഫീസ്(ശാന്തി നഗർ) - 4,27,193/- രൂപ<br>ക്വാർട്ടേഴ്സ് (പട്ടം) - 2,29,210/- രൂപ |

2 പുതിയ വാഹനങ്ങൾ വാങ്ങിയതിന് 22,26,981/- രൂപ ചെലവായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ